Athmaraksha.org

നൊവേന

## ഉണ്ണീശോയോടുള്ള നൊവേന-Infant Jesus



ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോനാ പള്ളിയിൽ വെള്ളിയാഴ്ചതോറും നടത്തിവരുന്ന

നൊവേന

മനുഷ്യവംശത്തോടുള്ള സ്നേഹത്താൽ സ്വന്തം പുത്രനെ ഞങ്ങൾക്ക് വഴികാട്ടിയും രക്ഷകനും നാഥനുമായി നല്കിയ കാരുണ്യവാനായ പിതാവേ, അപമാനത്തിന്റെ അടയാളമായിരുന്ന കുരിശിനെ മഹത്വത്തിന്റെ പ്രതീകമായി അങ്ങ് ഉയർത്തിയല്ലോ. സമാധാനവും സഹായവും കാണാതെ ജീവിതക്ലേശങ്ങളിൽപ്പെട്ട് വലയുന്ന ഞങ്ങളുടെ ദുഃഖദുരിതങ്ങളാകുന്ന കുരിശുകളെ അങ്ങേ കൃപാകടാക്ഷത്താൽ രക്ഷാകരമാക്കിത്തീർക്കേണമേ. അന്തിമ നിമിഷത്തിൽ, ഞങ്ങളുടെ രക്ഷയുടെ അടയാളമായ വിശുദ്ധ കുരിശിനെ സ്നേഹപൂർവ്വം ചുംബിച്ചുകൊണ്ട് ഈ ലോകജീവിതം അവസാനിപ്പിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. ഇപ്പോൾ അങ്ങേ സന്നിധിയിൽ വിനീതരായി നിൽക്കുന്ന അങ്ങേ മക്കളായ ഞങ്ങളുടെ പ്രാർത്ഥനകൾ കരുണയോടെ സ്വീകരിച്ചരുളേണമേ.

ഈശോമിശിഹായെ ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ച് അങ്ങേക്ക് സ്തോത്രം ചെയ്യുന്നു.
സമൂഹം: എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശാൽ ലോകത്തെ അങ്ങ് വീണ്ടുംരക്ഷിച്ചു.

### സങ്കീർത്തനം (144-146)

പുരോ: കർത്താവിനു കീർത്തനം പാടുവിൻ, എന്തെന്നാൽ അവിടന്ന് സ്നേഹനിധിയാകുന്നു.
സമൂ: കർത്താവിനു കീർത്തനം പാടുവിൻ, എന്തെന്നാൽ അവിടന്ന് സ്നേഹനിധിയാകുന്നു.

പുരോ: കർത്താവ് വലിയവനും ശക്തനുമാകുന്നു. അവിടത്തെ വിജ്ഞാനം അഗാധമാകുന്നു:
സമൂ: കർത്താവിനു കീർത്തനം പാടുവിൻ, എന്തെന്നാൽ അവിടന്ന് സ്നേഹനിധിയാകുന്നു.

പുരോ: തകർന്ന ഹൃദയങ്ങളെ അവിടന്ന് സുഖപ്പെടുത്തുന്നു അവരുടെ മുറിവുകൾ വച്ചുകെട്ടുന്നു.
സമൂ: കർത്താവിനു കീർത്തനം പാടുവിൻ, എന്തെന്നാൽ അവിടന്ന് സ്നേഹനിധിയാകുന്നു.

പുരോ: അലയുന്ന മൃഗങ്ങൾക്കും കരയുന്ന പക്ഷികൾക്കും അവിടന്ന് ആഹാരം നൽകുന്നു
സമൂ: കർത്താവിനു കീർത്തനം പാടുവിൻ, എന്തെന്നാൽ അവിടന്ന് സ്നേഹനിധിയാകുന്നു.

പുരോ: ബന്ധിതരെ മോചിക്കുകയും അനാഥരെ സംരക്ഷിക്കുകയും ചെയ്യുന്നു.
സമൂ: കർത്താവിനു കീർത്തനം പാടുവിൻ, എന്തെന്നാൽ അവിടന്ന് സ്നേഹനിധിയാകുന്നു.

പുരോ: വീഴുന്നവരെ കർത്താവ് താങ്ങുന്നു വീണവരെ കൈപിടിച്ചെഴുന്നേൽപ്പിക്കുകയും ചെയ്യുന്നു.
സമൂ: കർത്താവിനു കീർത്തനം പാടുവിൻ, എന്തെന്നാൽ അവിടന്ന് സ്നേഹനിധിയാകുന്നു.

പുരോ: എല്ലാവരുടേയും ദൃഷ്ടികൾ പ്രത്യാശാപൂർവ്വം അങ്ങയെ കാത്തിരിക്കുന്നു. അങ്ങ് കൈതുറന്ന് അവരെയെല്ലാം സംതൃപ്തരാക്കുന്നു.
സമൂ: കർത്താവിനു കീർത്തനം പാടുവിൻ, എന്തെന്നാൽ അവിടന്ന് സ്നേഹനിധിയാകുന്നു.

പുരോ: ആത്മാർത്ഥതയോടെ തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് കർത്താവ് സമീപസ്ഥനാണ്, തന്റെ ഭക്തരുടെ അഭിലാഷം അവിടന്ന് നിറവേറ്റിക്കൊടുക്കുന്നു.
സമൂ: കർത്താവിനു കീർത്തനം പാടുവിൻ, എന്തെന്നാൽ അവിടന്ന് സ്നേഹനിധിയാകുന്നു.

## ദൈവവചനം

(യോഹന്നാന്റെ സുവിശേഷം)

നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകാതിരിക്കട്ടെ. ദൈവത്തിൽ പരിപൂർണ്ണമായി വിശ്വസിക്കുവിൻ.. എന്നിലും വിശ്വസിക്കുവിൻ. വഴിയും സത്യവും ജീവനും ഞാനാകുന്നു. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. എന്റെ നാമത്തിൽ എന്നോടപേക്ഷിക്കുന്നതെല്ലാം ഞാൻ നിങ്ങൾക്കു തരും. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുക്കലേയ്ക്ക് വരും. നിങ്ങളോടുകൂടി എന്നും വസിക്കേണ്ടതിനായി മറ്റൊരു ആശ്വാസപ്രദനെ നിങ്ങൾക്കായി അയയ്ക്കുകയും ചെയ്യും. നിങ്ങൾ എന്നെ സ്നേഹിക്കുന്നു. എങ്കിൽ എന്റെ പ്രമാണങ്ങൾ അനുസരിക്കുവിൻ, എന്നിൽ വിശ്വസിക്കുന്ന ഒരുവനും അന്ധകാരത്തിൽ വസിക്കാതിരിക്കുവാൻ ഞാൻ വെളിച്ചമായി ലോകത്തിലേയ്ക്ക് വന്നിരിക്കുന്നു.

## കാറോസൂസ

പുരോ: നമുക്കെല്ലാവർക്കും ഭക്തിയോടും പ്രതീക്ഷയോടും കൂടെ കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.
സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

പുരോ: അങ്ങേ ജനങ്ങളുടെ ആത്മീയാന്ധകാരം നീക്കുവാൻ കുരിശിന്റെ പ്രകാശം കൊണ്ട് ലോകത്തിൽ വെളിച്ചം പരത്തിയ കർത്താവേ, ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസ്സിനെ ശക്തിപ്പെടുത്തുകയും നിർമ്മലമനസ്സാക്ഷിയോടും കൂടി ജീവിക്കുവാൻ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

പുരോ: കുരിശിന്റെ അടയാളത്താൽ നിങ്ങൾ വിജയം വരിക്കുമെന്ന് അരുൾ ചെയ്ത കർത്താവേ, അങ്ങയുടെ വിശുദ്ധകുരിശിൽ അഭയം തേടുന്ന ഞങ്ങളുടെ പരിശ്രമങ്ങളെ വിജയിപ്പിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

പുരോ: നിങ്ങളുടെ ദുഃഖങ്ങൾ സന്തോഷമായി മാറും (2) എന്ന് ശിഷ്യന്മാരെ ആശ്വസിപ്പിച്ച കർത്താവേ, ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവരും പലവിധ ക്ലേശങ്ങൾ അനുഭവിക്കുന്നവരുമായ ഞങ്ങളേയും ഞങ്ങളുടെ സഹോദരരേയും ആശ്വസിപ്പിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

പുരോ: അങ്ങയുടെ അരുപിയാൽ ശിലാഹൃദയത്തെപ്പോലും മൃദുലമാക്കുമെന്ന് അരുൾചെയ്ത കർത്താവേ, സ്വാർത്ഥമായി മാത്രം ചിന്തിക്കുകയും കുടുംബസമാധാനം തകർക്കുകയും ചെയ്യുന്നവരിൽ അങ്ങയുടെ കാരുണ്യം വർഷിക്കണമെന്നും അവരുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും അങ്ങയുടെ സ്നേഹചൈതന്യം അവർക്കു നല്കുകയും ചെയ്യണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

പുരോ: അങ്ങേ കുരിശിൻ ചുവട്ടിൽ നിലകൊണ്ട വ്യാകുലയായ മാതാവിന്റെ യോഗ്യതകളെ ഓർത്ത് ഞങ്ങൾ കേണപേക്ഷിക്കുന്ന ഈ പ്രത്യേകാനുഗ്രഹം തന്നരുളണമെന്ന് വിശ്വാസത്തോടു കൂടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ
(മൗനപ്രാർത്ഥന, ഉദ്ദിഷ്ടകാര്യം ഇവിടെ അനുസ്മരിക്കുക)

## മദ്ധ്യസ്ഥ പ്രാർത്ഥന

പിതാവിനും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അങ്ങേയ്ക്ക് അസാദ്ധ്യമായി യാതൊന്നുമില്ലെന്ന്, ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. അങ്ങയുടെ നിരന്തരമായ പരിപാലനവും അനുഗ്രഹവും ഞങ്ങൾക്ക് നൽകണമെ. വഴിതെറ്റിപ്പോയവരെ അങ്ങ് നേർവഴിയ്ക്ക് നടത്തണമെ. പാപികൾക്ക് പശ്ചാത്താപവും മരിച്ചവർക്ക് സ്വർഗ്ഗഭാഗ്യവും നീതിമാന്മാർക്ക് സന്തോഷവും പ്രദാനം ചെയ്യണമെ. പ്രത്യാശാപൂർവ്വം അങ്ങേ സന്നിധിയിൽ സമർപ്പിക്കുന്ന ഈ പ്രാർത്ഥനകൾ ദയയോടെ കേട്ടരുളണമെന്ന് അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

## പ്രാർത്ഥനാഗാനം

അദ്ധ്വാനിക്കുന്നവർക്കും
ഭാരം ചുമക്കുന്നോർക്കും
അത്താണിയായുള്ളവനേ
കർത്താവേ, യേശുനാഥാ

ആശയാർന്നെത്തിടുന്നു
ആകുലരങ്ങേ മുമ്പിൽ
ആശ്രയം നീതാനല്ലോ
ആശ്വാസദായകനെ

സത്യവും മാർഗ്ഗവും നീ
നിത്യമാം ജീവനും നീ
ആലംബമേകീടണേ
കൈവല്യദായകനേ

മാനവപാപം നീക്കാൻ
നിത്യസൗഭാഗ്യം നൽകാൻ
ക്രൂശിൽ മരിച്ചനാഥാ
തൃപ്പാദം കുമ്പിടുന്നു

ലോകത്തിൻ മായകളിൽ
വീണിടാതെന്നുമെന്നും
പാപികൾ ഞങ്ങളെ നീ
പാലനം ചെയ്തീടണേ

ദിവ്യമാം ശോണിതത്താൽ
നവ്യപ്രകാശം തുകും
സ്ലീവായെ ഞങ്ങൾ നിത്യം
താണുവണങ്ങിടുന്നു.

പ്രാർത്ഥിക്കാം

സർവ്വശക്തനും കാരുണ്യവാനുമായ ദൈവമേ, അങ്ങേ തിരുകല്പനകൾ അനുസരിച്ചിരുന്നപ്പോഴെല്ലാം ഇസ്രായേൽ മക്കളെ അങ്ങ് അനുസരിക്കുകയും സത്യമാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ച് ദുർമാർഗ്ഗത്തിൽ ചരിച്ചപ്പോഴെല്ലാം അങ്ങയുടെ അനുഗ്രഹത്തിന്റെ വലംകൈ അവരിൽ നിന്നും പിൻവലിക്കുകയും ചെയ്തുവല്ലോ. അങ്ങേ പ്രമാണങ്ങളനുസരിച്ച് പാപമാർഗ്ഗത്തിൽ നിന്നു പിന്തിരിയുവാനും അങ്ങനെ അങ്ങയുടെ അനുഗ്രഹത്തിന് അർഹരാകുവാനും ഞങ്ങൾക്ക് കൃപചെയ്യണമേ. ആമ്മേൻ.

അനുബന്ധം

പ. കുർബാനയുടെ ആശീർവാദം

ഗാനങ്ങൾ

മിശിഹാ കർത്താവേ,
മാനവരക്ഷകനേ
നരനുവിമോചനമേകീടുവാൻ
നരനായ് വന്നുപിറന്നവനേ.

മാലാഖമാരൊത്തു ഞങ്ങൾ
പാടിപ്പുകഴ്ത്തുന്നു നിന്നെ
പരിശുദ്ധൻ, പരിശുദ്ധൻ
കർത്താവേ നീ പരിശുദ്ധൻ

അഖിലലോക നായകാ
വാഴ്ത്തിടുന്നു ഞങ്ങൾ
ഈശോനാഥാ പുകഴ്ത്തിടുന്നു ഞങ്ങൾ
നീയല്ലോ ശരീരങ്ങൾക്കുയിർപ്പേകുന്നു.
നീ തന്നെയാത്മാവിന്നു രക്ഷയേകുന്നു.

സ്വർഗ്ഗത്തിൽ നിന്നാഗതമാം
ജീവൻ നല്കുമൊരപ്പം നീ
മർത്ത്യന്നുമുക്തി പകർന്നരുളും
നിത്യമഹോന്നതമപ്പം നീ

മാനവരെ മോദമോടെ
നാഥനെ വാഴ്ത്തിപ്പാടിടുവിൻ
ദൈവത്തിൻ പരിപാവനമാം
സന്നിധിചേർന്നു വണങ്ങീടുവിൻ...(2)

സ്വർഗ്ഗത്തിൽ......

ദിവ്യശരീരം മാനവനായ്
നല്കിയ നാഥനെ വാഴ്ത്തിടുവിൻ
ദിവ്യനിണത്താൻ പാപികളെ
നേടിയ നാഥനെ വാഴ്ത്തിടുവിൻ (2)

പുരോ: പരിശുദ്ധ ശരീരത്താലും
വിലയേറിയ രക്തത്താലും
പാപത്തിൻ കറകളിൽ നിന്നും
മർത്യനു നീ മോചനമേകീ

സമൂ: സകലേശാ ദിവ്യകടാക്ഷം
ഏകണമേ വത്സരസുതരിൽ
നിർമ്മലരായ് ജീവിച്ചിടുവാൻ
ചിന്തണമേ ദിവ്യവരങ്ങൾ

ദൈവത്തെ വാഴ്ത്തിടുവിൻ
ദൈവനാമം വാഴ്ത്തിടുവിൻ
ദൈവവും മനുജനുമാം
മിശിഹാനാഥനെ വാഴ്ത്തിടുവിൻ

മിശിഹാതൻ പൂജിതമാം
തിരുനാമം വാഴ്ത്തിടുവിൻ
സ്നേഹത്തിന്നുറവിടമാം
തിരുഹൃദയം വാഴ്ത്തിടുവിൻ

പീഠത്തിൽ വാണരുളും
മിശിഹായെ വാഴ്ത്തിടുവിൻ
ദൈവത്തിൻ മാതാവാം
കന്യാമേരിയെ വാഴ്ത്തിടുവിൻ

മറിയത്തിൻ നിർമ്മലമാം
ഉത്ഭവം വാഴ്ത്തിടുവിൻ
സ്വർഗാരോപിത മാതാവിൻ
തിരുനാമം വാഴ്ത്തിടുവിൻ

നിർമ്മലയാം കന്യകതൻ
വല്ലഭനെ വാഴ്ത്തിടുവിൻ
സിദ്ധരിലും ദൂതരിലും
ദൈവത്തെ വാഴ്ത്തിടുവിൻ

## ചേർപ്പുങ്കൽ മാർസ്ലീവാ ഫൊറോനാ പള്ളി ലഘു ചരിത്രം

കിഴക്കിന്റെ ക്രിസ്തു എന്ന അപരനാമത്താൽ പുകഴ്ത്തപ്പെടുന്ന നമ്മുടെ പിതാവായ മാർതോമാശ്ലീഹാ മഹാദേവർ പട്ടണം അഥവാ മസൂലിപ്പട്ടണം എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന കൊടുങ്ങല്ലൂർ നിന്ന് മലമ്പ്രദേശപട്ടണമായ നിലയ്ക്കലേയ്ക്ക് കാൽനടയായി പോയി എന്നും പ്രസ്തുത യാത്ര ചേർപ്പുങ്കൽ പാലാ വഴി ആയിരുന്നു എന്നും ഐതിഹ്യമുണ്ട്. ആറിന്റെ വടക്കേക്കരയിൽ പാണ്ടിദേശക്കാരായ വ്യാപാരികളുടെ വക മൂന്ന് പീടികകൾ ഉണ്ടായിരുന്നുവെന്നും തന്മൂലം ആ സ്ഥലത്തിന് മൂന്ന് പീടിക എന്ന നാമം ഉണ്ടായെന്ന് പറയപ്പെടുന്നു. ആ സ്ഥലത്ത് എത്തിച്ചേർന്ന മാർതോമാശ്ലീഹാ ചില അത്ഭുത പ്രവർത്തികൾ നടത്തി കുറേപ്പേരെ ക്രിസ്തു സഭയിലേക്ക് മാനസാന്തരപ്പെടുത്തി എന്നും അവിടെ ഒരു കുരിശ് സ്ഥാപിച്ചു എന്നും പരമ്പരാഗതമായി വിശ്വസിച്ചുപോരുന്നു. അദ്ദേഹം പ്രേഷിതയാത്ര തുടർന്നപ്പോൾ തന്റെ ചെരുപ്പ് അവിടെ വിച്ചിട്ടുപോയെന്നും പൂജ്യമായി സൂക്ഷിച്ചിരുന്ന ആ ചെരിപ്പിന്റെ സ്മരണ നിലനിർത്തുന്നതിന് പ്രസ്തുത സ്ഥലത്തിന് ചെരുപ്പുങ്കൽ എന്ന പേര് പതിയുകയും ചെയ്തു എന്നാണ് ഐതിഹ്യം. ചെരുപ്പുങ്കൽ എന്ന പേര് ലോപിച്ചുണ്ടായ തദ്ഭവമാണ് ചേർപ്പുങ്കൽ. ശ്ലീഹാ സ്ഥാപിച്ച കുരിശിന്റെ സമീപത്ത് ഒരു പ്രാർത്ഥനാലയം ഉയർന്നുവന്നുവെന്നും പരക്കെ വിശ്വസിക്കപ്പെടുന്നു.

കൊല്ലവർഷം 271 ന് സമാനമായ ക്രിസതുവർഷം 1096-ൽ ചില പ്രത്യേക കാരണങ്ങളാൽ ആറിന്റെ വടക്കേക്കരയിൽ നിന്ന് പള്ളി തെക്കേകരയിലേക്ക് മാററി സ്ഥാപിച്ചു. അന്നത്തെ നാടുവാഴിയായ പൂഞ്ഞാററിൽ തമ്പുരാന്റെ പ്രത്യേക കല്പനപ്രകാരമാണ് ഇങ്ങനെ ഒരു നടപടി സ്വീകരിച്ചത്. പള്ളി വയ്ക്കുന്നതിനുള്ള സ്ഥലം ഇന്നാട്ടിലെ പ്രധാന ജന്മിയായ കല്ലംപള്ളി നമ്പൂതിരി ദാനമായി നൽകിയതാണ്. കല്ലംപള്ളി ഇല്ലക്കാരുടെ സ്മരണയെ പുലർത്തുന്നതിനായി ആണ്ടുതോറും പള്ളിയിൽ മാർശ്ലീവായുടെ തിരുനാളായ സെപ്തംബർ 14-ാം തീയതി ഒരു ദിവ്യബലിയർപ്പിക്കുന്നുണ്ട്.

വട്ടമറററത്തിൽ ബ. വലിയ പിലിപ്പോസച്ചനാണ് ഇപ്പോൾ കാണുന്ന ചെറിയപള്ളിയും പള്ളിമേടയും പണികഴിപ്പിച്ചത്. വലിയ പള്ളി പുതുക്കി പണിതീർത്തത് 1912ലാണ്. ബ. പള്ളത്തുകുഴി (മരുതുക്കുന്നേൽ) തോമാച്ചനാണ് പള്ളി പണിക്ക് നേതൃത്വം വഹിച്ചത്. 1984 ഫെബ്രുവരി 11-ാം തീയതി അഭിവന്ദ്യ പാലാ മെത്രാൻ മാർജോസഫ് പള്ളിക്കാ പറമ്പിൽ തിരുമനസുകൊണ്ട് ചേർപ്പുങ്കൽ പള്ളിയെ ഫൊറോനാ പദവിയിലേക്ക് ഉയർത്തി.

ഈ പള്ളിയുടെ പ്രധാന അൾത്താരയിൽ സ്ഥാപിച്ചിരിക്കുന്ന പലകയിൽ ചിത്രീകരിച്ചിട്ടുള്ള വി. കുരിശിന്റെ ചിത്രമാണ് പ്രധാന വണക്കത്തിനും ബഹുമാനത്തിനും പാത്രീഭൂതമായിരിക്കുന്നത്. വളരെ പഴക്കം തോന്നിക്കുന്ന ഈ ചരിത്രത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ചരിത്രരേഖകൾ ഒന്നും ലഭ്യമല്ല. ഉണ്ണിമിശിഹായുടെ മാനോഹരമായ ഒരു തിരുസ്വരൂപം പള്ളിയിൽ സ്ഥാപിച്ചതോടുകൂടി ഭക്ത ജനങ്ങളുടെ സംഖ്യ കൂടുതലായി. വെള്ളിയാഴ്ച ദിവസങ്ങളിൽ മാർശ്ലീഹായുടേയും ഉണ്ണിമിശിഹായുടേയും ഭക്തിക്കായി ക്രൈസ്തവരും, അക്രൈസ്തവരുമായ വളരെയധികം തീർത്ഥാടകർ പള്ളിയിലെത്തി കെടാവിളക്കിൽ എണ്ണ ഒഴിക്കുന്ന പതിവ് വളരെ മുമ്പേ ആരംഭിച്ചതാണ്. ഉദ്ദിഷ്ടകാര്യത്തിന് വളരെ ഫലപ്രദവുമാണ്.